യിട്ടുണ്ട്. ഇന്നു കേന്ദ്രഗവൺമെൻറിനോട് ലൈസൻസ് ഫീസ് കുറവു ചെയ്യണമെന്നു കാണിച്ച്, കേന്ദ്രഗവൺമെൻറിനു സമർപ്പിച്ചിട്ടുള്ള മെമ്മോറാണ്ടത്തിൻറെ അടിസ്ഥാനത്തിൽ രണ്ടുദിവസത്തിനകം അനുവാദം തരണമെന്നു ആവശ്യപ്പെട്ടുകൊണ്ട് ഒരു പ്രത്യേകമായ കമ്പിയും അടിച്ചിട്ടുണ്ട്. ഏതാനും ദിവസത്തിനകം ലൈസൻസ് ഫീസ് കുറവുചെയ്തുകൊണ്ടുള്ള ഉത്തരവ് കേന്ദ്രഗവൺമെൻറിൽനിന്നും കിട്ടുമെന്നാണ് കരുതുന്നത്. അങ്ങനെ അനുവാദം കിട്ടിയില്ലെങ്കിൽ എങ്ങനെപ്രശ്നം പരിഹരിക്കുവാൻകഴിയുമെന്നുള്ളതിനെസംബന്ധിച്ച് സംസ്ഥാനഗവൺമെൻറ് ആലോചിക്കുവാൻ തയ്യാറാണ്. പ്രശ്നത്തിൻറെ ഗൗരവം ഗവൺമെൻറു മനസ്സിലാക്കിയിട്ടുണ്ട്. ഈ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന ആളുകൾക്ക് പ്രയാസം സൃഷ്ടിച്ചിട്ടുണ്ടെന്നുള്ളതും ഗവൺമെൻറിനു ബോധ്യമായിട്ടുണ്ട്. ആവശ്യമായ നടപടികൾ വളരെ വേഗത്തിൽ ഗവൺമെൻറു സ്വീകരിച്ചുവരികയാണ്. യാതൊരു ഉദാസീനതയും ഗവൺമെൻറിൻറെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ ഉണ്ടാകുകയില്ല. പിന്നെ സംസ്ഥാന ഗവൺമെൻറാണ് ഇതേർപ്പെടുത്തിയതെന്നുള്ള ബഹുമാനപ്പെട്ട മെമ്പറുടെ ധാരണ തിരുത്തണമെന്നുകൂടി ഞാൻ ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്.

II. PROPOSED STRIKE OF THE GOVERNMENT PRIMARY SCHOOL TEACHERS

വിദ്യാഭ്യാസവും ആഭ്യന്തരവുംമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, ഇന്നു വിദ്യാഭ്യാസ വകുപ്പിനെസംബന്ധിച്ച് വിശദമായ ചർച്ചകൾ നടത്തുന്നുണ്ട്. എങ്കിലും ഇന്നലെ ഈ സഭയിൽ വാഗ്ദത്തം ചെയ്തതുകൊണ്ട് ബഹുമാനപ്പെട്ട ടി. കെ. രാമകൃഷ്ണൻ റൂൾ 61 അനുസരിച്ച് ഉന്നയിച്ച ഈ കാര്യത്തെസംബന്ധിച്ച് ഏതാനും വാക്കുകൾ പറയാൻ ഞാനീയവസരം വിനിയോഗിക്കുകയാണ്. വിശദമായ ചർച്ചകൾക്കിടയിൽ ഇതു വീണ്ടും ഉന്നയിക്കുകയാണെങ്കിൽ മറുപടി പറയുമ്പോഴും പറയുന്നതാണ്.

ഗവൺമെൻറ് പ്രൈമറിടീച്ചേഴ്സ് അസോസിയേഷൻ കുറെയധികം കൃത്യമായിപ്പറയുകയാണെങ്കിൽ പത്തൻപതു ആവശ്യങ്ങൾ ഗവൺമെൻറിൻറെ മുന്നിൽ ഉന്നയിച്ചു. അവയിൽ പലതും ഇതിനുമൻപു വിവിധ ടീച്ചേഴ്സ് യൂനിയനുകളും അദ്ധ്യാപകരുടെ ആക്ഷൻ കൗൺസിലും ഉന്നയിച്ചിട്ടുള്ളതാണ്. ഈ ടീച്ചേഴ്സ് യൂണിയൻ തന്നെ ഇത് കഴിഞ്ഞ ഗവൺമെൻറിൻറെ കാലത്തും ഈ ഗവൺമെൻറിൻറെ കാലത്തും ഈ വാദങ്ങൾ ഉന്നയിക്കുകയും പല തർക്കങ്ങൾക്കു വിധേയമാകുകയും ചെയ്തിട്ടുണ്ട്. രാഷ്ട്രീയത്തിൽ പങ്കെടുക്കാൻ അവകാശം വേണം, പ്രൈമറി സ്ക്കൂളിലെ ഹെഡ്മാസ്റ്റർമാർക്ക് സ്പെഷ്യൽഗ്രേഡ് വേണം, അവരെ സ്ഥിരപ്രാവണമാക്കണം, പാർട്ടൈം ഫുൾടൈം ആക്കണം എന്നിവയാണ് സുദീർഘമായ അവകാശപ്പട്ടികയിലെ പ്രധാനമായ ആവശ്യങ്ങൾ. അതിൽ രാഷ്ട്രീയാവകാശത്തെസംബന്ധിച്ചുള്ള സംഗതി പല തവണ ചർച്ചചെയ്യുകയും പലതവണഅനുവദിക്കാതിരിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇതിനെസംബന്ധിച്ച് പല പ്രക്ഷോഭണങ്ങളും നടന്നിട്ടുള്ളതാണ്. ജോയിൻറ് ടീച്ചേഴ്സ് കൗൺസിൽ രൂപീകരിക്കണമെന്നു പറയുന്നത് ഒരുപദേശക കൗൺസിൽ ആണെങ്കിൽ (കോത്താരി കമ്മീഷൻ പറഞ്ഞിട്ടുള്ളതുപോലെ) ആ കൗൺസിലിനെ സംബന്ധിച്ച് ചർച്ച ചെയ്യാനും അതിൻറെ വിവിധവശങ്ങളെസംബന്ധിച്ച് പരിശോധിക്കുവാനും ഗവൺമെൻറു തയ്യാറാണ്. അതേയവസരത്തിൽ അദ്ധ്യാപകൻമാരുടെ ഒരുപാടു സംഘടനകളുമായി, അംഗീകരിക്കപ്പെട്ടിട്ടുള്ളതും അംഗീകരിക്കപ്പെട്ടിട്ടില്ലാത്തതുമായ സംഘടനകളുമായി ധാരാളം സമയം ചെലവഴിച്ചുകൊണ്ട് മന്ത്രിമാരുടെ നിലവാരത്തിലും ഡി. പി. ഐ.യുടെ നിലവാരത്തിലുമെല്ലാം ചർച്ചകൾ

LIBRARY ARCHIVES Kerala Legislative Assembly

നടന്നിട്ടുണ്ട്. വാസ്തവത്തിൽ ഡിപ്പാർട്ടുമെന്റിന്റെ സമയത്തിൽ കാര്യമായ ഭാഗം ഈ മാതിരി ആവശ്യങ്ങളെസംബന്ധിച്ച് ചർച്ചചെയ്യാനാണ് ഉപയോഗിക്കുന്നത്.

ഓരോ ആവശ്യങ്ങളെയും എടുക്കാം. ഹെഡ്മാസ്റ്റർക്ക് സ്പെഷ്യൽ ഗ്രേഡ് സ്ഥിരലാവണംവേണമെന്നതാണ് ഒരാവശ്യം. ഭാഷപ്പറഞ്ഞുകയായാണെങ്കിൽ പ്രൈമറിസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ തസ്തികയെന്നെ ഇപ്പോഴില്ല. ഈ തസ്തികയെ സംബന്ധിച്ചുള്ള ക്വാളിഫിക്കേഷൻ ഇതുവരെ പ്രിസ്ക്രൈബ് ചെയ്തിട്ടില്ല. ഇതാണ് ഇന്നത്തെനില. ഇതിനെസംബന്ധിച്ച് ചില നിർദ്ദേശങ്ങളും ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ആ നിർദ്ദേശങ്ങളും പി. എസ്. സിയുമായി ചർച്ചചെയ്തുകൊണ്ടിരിക്കുകയാണ്.

അദ്ധ്യാപകൻമാരെ ഫുൾടൈം ആക്കാനുള്ള നടപടി എടുക്കുന്നു എന്ന ഒരു പ്രഖ്യാപനം എന്റെ അഭിവന്ദ്യസുഹൃത്തും പ്രഗൽഭനുമായ ധനകാര്യമന്ത്രി ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നുമുള്ള അഭിനന്ദനങ്ങൾക്കിടയിൽ പ്രസ്താവിച്ചിട്ടുള്ളത് സഭ ഓർക്കുന്നുണ്ടാകും. അദ്ധ്യാപകൻമാരുടെ തസ്തിക സ്ഥിരലാവണമാക്കുക എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം അക്കൗണ്ടന്റ് ജനറലുമായി ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിനെസംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ ചില നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിന് ഗവൺമെന്റിനു ചില പ്രായോഗിക വിഷമതകൾ വന്നിരുന്നു. ഇക്കാര്യങ്ങളെല്ലാം കാണിച്ചുകൊണ്ട് വിശദമായ ഒരു മറുപടി അദ്ധ്യാപകരുടെ സംഘടനയ്ക്കു നൽകിയിട്ടുണ്ട്. ആ മറുപടിയിൽ ഒരുപേക്ഷാ രൂപത്തിൽ പലതവണയായി പല രൂപത്തിലും വന്ന ആവശ്യങ്ങളും പിന്നെയും പിന്നെയും ഉന്നയിച്ച് അതിനെല്ലാം ചർച്ച വേണമെന്ന ആവശ്യം ഉന്നയിക്കരുതെന്ന് പറഞ്ഞിട്ടുണ്ട്. അദ്ധ്യാപകരുടെ അഭിമാനത്തേയോ സംഘടനയേയോ ഏതെങ്കിലും വിധത്തിൽ ബാധിച്ചിട്ടുണ്ടെങ്കിൽ അതു വളരെ ഖേദകരമാണ്. അവരുമായി സംഭാഷണങ്ങളും നടത്താതിരുന്നത് അവരുടെ ആവശ്യങ്ങളും കാണാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള സന്നദ്ധതക്കുറവല്ല, ആവശ്യങ്ങളും പുതുതായി വരുമ്പോഴും അതു കേൾക്കാതിരിക്കുവാനുള്ള ഒഴിവുകഴിവുകളല്ല എന്നു വ്യക്തമാക്കുകയും ആ തെറ്റിദ്ധാരണ ഇല്ലാതാക്കാൻവേണ്ടി അദ്ധ്യാപകരോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ആ വാചകത്തിൽനിന്ന് എന്തെങ്കിലും തെറ്റിദ്ധാരണ ഉളവാക്കിയിട്ടുണ്ടെങ്കിൽ ആ വാചകത്തിന് അങ്ങനെ പ്രത്യേകമായ അർത്ഥമൊന്നുമില്ലെന്നും പറയാൻ ഞാനാഗ്രഹിക്കുന്നു. രണ്ടേമുക്കാൽവസരത്തിൽ ഒരു സമരം നടന്നു പത്തുപന്ത്രണ്ടു ദിവസംകൊണ്ട് അവസാനിച്ച്, ചിലത് അനുവദിച്ചു ചിലത് അനുവദിക്കുവാൻ പോകുമ്പോഴാണ് പിന്നെയും 20 ഡിമാന്റ് പിന്നെയും 54 ഡിമാന്റ് എന്നുള്ളതിന് കൂട്ടുതൽ അസോസിയേഷനുകളും ഉണ്ടാകുന്നേരത്തുള്ള പ്രയോഗിക വിഷമതകളും ഓർത്തുകൊണ്ടാണ് ഒരുപക്ഷേ എഴുതാൻ പാടില്ലാത്ത ആ വാചകം അപേക്ഷയുടെ രൂപത്തിൽ എഴുതിയെന്നുകൂടി അദ്ധ്യാപകർ മനസ്സിലാക്കുമെന്നു ഞാൻ വിചാരിക്കുന്നു. അദ്ധ്യാപകരുടെ ന്യായമായ അവശതകളും പരിഹരിക്കുന്നുതിനു ഗവൺമെന്റിന്റെ പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് പ്രയോഗികമായ ബുദ്ധിമുട്ടുകളും ഒഴിവാക്കിക്കൊണ്ട് ആവശ്യമായ എല്ലാ കാര്യങ്ങളും ചെയ്യാൻ ഈ ഗവൺമെന്റ് എന്നും സന്നദ്ധമായിരുന്നുവെന്നും ഇനിയും സന്നദ്ധമായിരിക്കുമെന്നും പറയാൻ ഞാനാഗ്രഹിക്കുന്നു. അധ്യാപകരുമായി സംസാരിക്കുന്നതിന് എനിക്കു യാതൊരുവിധത്തിലുള്ള മടിയുമില്ല. അടുത്ത ഏതാനും ദിവസങ്ങൾ കൃത്യാന്തരബാഹുല്യംകൊണ്ട് സാധിക്കുകയില്ലെന്നുള്ളതാണ് ഉദ്ദേശിക്കുന്നത്. അതുകഴിഞ്ഞാൽ അവരുമായി സംസാരിക്കുവാൻ ഞാൻ സന്നദ്ധനായിരിക്കുമെന്നുകൂടി പ്രസ്താവിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: പാലക്കാട് എഞ്ചിനീയറിംഗ് കോളേജിലെ അദ്ധ്യാപക സമരം മൂലം കോളേജിന്റെ പ്രവർത്തനം പൂർണ്ണമായും സ്തംഭിച്ചിരിക്കുന്ന തിനെസംബന്ധിച്ചും ഗവൺമെന്റ് ഈ പ്രശ്നത്തിൽ കാണിക്കുന്ന അനാസ്ഥയെസംബന്ധിച്ചും റൂം 61 അനുസരിച്ച് ശ്രീ. ശിവരാമഭാരതി നോട്ടീസ് കൊണ്ടുവന്നിട്ടുണ്ട്. ഇന്നു ഡിമാൻറു ചർച്ചാവേളയിൽ അതിനെപ്പറ്റി സംസാരിക്കാവുന്നതാണ്.

കേരളാ ബോയ്ലേഴ്സ് ഫ്ളോർകോയ്ണിറ്റ് എന്ന പേരിൽ (കൊല്ലം) പരവൂരിൽ പ്രവർത്തിക്കുന്ന യന്ത്രവൽക്കൃത കയർ ഫാക്ടറിയിലെ തൊഴിലാളികളും കൂലിക്കുടുതലിനും മറ്റും വേണ്ടി കഴിഞ്ഞ 80 ദിവസങ്ങളായി നടത്തുന്ന തൊഴിൽസമരം ഒത്തുതീർപ്പിലെത്തിക്കേണ്ട പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് റൂം 61 അനുസരിച്ച് ശ്രീ. സി. കെ. ബാലകൃഷ്ണൻ നോട്ടീസ് നൽകിയിട്ടുണ്ട് . അതു ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

REPORT OF THE COMMITTEE ON PRIVATE MEMBERS' BILLS AND RESOLUTIONS

Mr. Speaker: Shri Aboo may present the Report of the Committee on Private Members' Bills and Resolutions.

ശ്രീ. കെ. കെ. അബു: സർ, സ്വകാര്യ അംഗങ്ങളുടെ ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച കമ്മിറ്റിയുടെ 1970–ലെ രണ്ടാമത്തെ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

REPORT OF THE BUSINESS ADVISORY COMMITTEE

Shri T. K. Divakaran: Sir, I move that the Fourth Report of the Business Advisory Committee in 1970 be adopted.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഈ റിപ്പോർട്ടിനകത്ത് 13–ാം തീയതി വച്ചിരുന്ന അജൻറയിൽ ആദ്യം കൊള്ളിച്ചിരുന്ന അനൗദ്യോഗിക ദിവസം തന്നെയാണ് അപ്രോപ്രിയേഷൻ ബില്ലിന്റെ ചർച്ച കൊള്ളിച്ചിരുന്നത്. ആ ചർച്ചമാത്രം മറെറാരു ദിവസത്തേക്കു മാറ്റിവച്ചിട്ടുള്ളതായാണ് കാണുന്നത്. ഇങ്ങനെയൊരു തീരുമാനം ഞാൻ പങ്കെടുക്കുന്ന സമയത്ത് ബിസിനസ് അഡ്വൈസറി കമ്മിറ്റി എടുത്തിരുന്നില്ല. ചർച്ച വന്നത് 13–ാം തീയതി വച്ചിട്ടുള്ള അജൻറാ മറെറാരു ദിവസത്തേക്കു മാറ്റിവച്ചിട്ട് 13–ാം തീയതി ഒഴിവു ദിവസമാക്കണമെന്ന അഭിപ്രായം വരികയും അതിനെ അനുകൂലിക്കാൻ നിവൃത്തിയില്ലെന്നു പറയുകയും ചെയ്തു. 13–ാം തീയതി വച്ചിരുന്ന അനൗദ്യോഗിക ദിവസ ചർച്ച മറെറാരു ദിവസത്തേക്കു മാറ്റിവയ്ക്കണമെന്ന അഭിപ്രായമാണ് വന്നിട്ടുള്ളത്. എന്നാൽ ബഹുമാനപ്പെട്ട സ്പീക്കറുമായി പിറേറദിവസം സംസാരിച്ചപ്പോഴാ മനസ്സിലായിട്ടുള്ളത്, 13–ാം തീയതി വച്ചിരുന്ന അജൻറാ ആകെ മാറ്റണമെന്ന അഭിപ്രായം നിരാകരിക്കപ്പെട്ടതിനുശേഷം 13–ാം തീയതി വച്ചിരുന്ന അപ്രോപ്രിയേഷൻ ബില്ലിന്റെ ചർച്ചയും അനൗദ്യോഗിക കാര്യങ്ങളും രണ്ടും ഒരുമിച്ചെടുക്കുന്നതിനുപകരം ആ ചർച്ച മാറ്റിവച്ചു തീരുമാനം എടുത്തിട്ടുള്ളതായാണ് കാണുന്നത്. ഏതായാലും ഞാനുണ്ടായിരുന്ന സമയത്ത് അങ്ങനെയൊരു അഭിപ്രായമോ തീരുമാനമോ ഉണ്ടായില്ല. ഇതു നിർഭാഗ്യകരമായിപ്പോയി. ഇങ്ങനെയൊരു തീരുമാനം റിപ്പോർട്ടിൽ വന്നിട്ടുള്ളതെങ്ങനെ ആണെന്നു മനസ്സിലാകുന്നില്ല.

ശ്രീ. ടി. എ. മജീദ്: ശ്രീ. ടി. കെ. രാമകൃഷ്ണൻ പറഞ്ഞിട്ടുള്ളത് സഭാനേതാവും പ്രതിപക്ഷനേതാവുമായി ആലോചിച്ചു പറയാമെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly